LIBRARY ARCHIVES Kerala Legislative Assembly

**കുടിവെള്ളത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കൽ**

17 (*346) ശ്രീ. പി. വി. ശ്രീനിജിൻ:

ശ്രീ. എ. സി. മൊയ്തീൻ:

ശ്രീ. ഐ. ബി. സതീഷ്:

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി വഴി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണമേന്മ ഉറപ്പാക്കുന്നതിന് നിലവിൽ സ്വീകരിച്ചുവരുന്ന മാർഗ്ഗങ്ങളെന്തെല്ലാമാണെന്ന് വിശദമാക്കുമോ;

&

(ബി) അശുദ്ധ ജലം കുടിക്കാനിടയാകുന്നവർക്ക് ആരോഗ്യ പ്രശ്നങ്ങളുണ്ടാകുന്നുവെന്ന ആരോഗ്യ വിദഗ്ധരുടെ അഭിപ്രായം കണക്കിലെടുത്ത് ജലത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആരംഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ചുവടെ പരാമർശിച്ചിരിക്കുന്ന പദ്ധതികളാണ് നിലവിലുള്ളത്.

1. എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ പ്രവർത്തിച്ചുവരുന്നു.
2. പരിശോധനാ ഫലങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനും വിവിധ തലങ്ങളിൽ ഉദ്യോഗസ്ഥർക്ക് നിരീക്ഷിക്കുന്നതിനും തീരുമാനമെടുക്കുന്നതിനും LIMS (Laboratory Information Management System) സോഫ്റ്റ്വെയർ ഉപയോഗിച്ചുവരുന്നുണ്ട്.
3. സംസ്ഥാനത്തെ 8 ജില്ലാ ലാബുകൾ ജലജീവൻ പദ്ധതിയുടെ ഭാഗമായി ISO/IEC 17025 നിലവാരത്തിലേയ്ക്കുയർത്തി NABL അക്രെഡിറ്റേഷൻ ലഭ്യമാക്കിയിട്ടുണ്ട്.
4. സംസ്ഥാനത്തെ മുഴുവൻ കുടിവെള്ള സ്രോതസ്സുകളും വർഷത്തിൽ രണ്ടുതവണവീതം ഫീൽഡ് ടെസ്റ്റ് കിറ്റ് (Field Test Kit) ഉപയോഗിച്ച് പരിശോധിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(സി) ജലഗുണനിലവാര പരിശോധന കൂറ്റമറ്റ നിലയിലാക്കുന്നതിനായി ആധുനിക സങ്കേതങ്ങൾ പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ക്വാളിറ്റി കൺട്രോൾ ലാബുകളെ ISO/IEC 17025:2017 നിലവാരത്തിലേയ്ക്കുയർത്തി ദേശീയ അംഗീകാരമായ NABL അക്രെഡിറ്റേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ജലജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി നടന്നുവരുന്നു. ഇപ്രകാരം 2020-21-ൽ 8 ജില്ലാ ലാബുകൾക്ക് എൻ.എ.ബി.എൽ. അംഗീകാരം ലഭിച്ചുകഴിഞ്ഞു. ജലജീവൻ മിഷൻ 2021-22 പദ്ധതിയിൽപ്പെടുത്തി 6 ജില്ലാ ലാബുകൾ, 32 സബ് ജില്ലാ ലാബുകൾ, ജല ശുദ്ധീകരണ ശാലകളിൽ പ്രവർത്തിക്കുന്ന തെരഞ്ഞെടുത്ത 37 ലാബുകൾ എന്നിവയുൾപ്പെടെ ആകെ 75 ലാബുകളെ ആധുനികവത്കരിച്ച് ഇവയ്ക്ക് എൻ.എ.ബി.എൽ.-ന്റെ അക്രെഡിറ്റേഷൻ ലഭ്യമാക്കാനുള്ള പദ്ധതി കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**സമ്പൂർണ്ണ കുടിവെള്ള ലഭ്യത**

18 (*347) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ള ദൗർലഭ്യം നേരിടുന്ന പ്രദേശങ്ങളിൽ സമ്പൂർണ്ണ കുടിവെള്ള ലഭ്യത ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്ത് കുടിവെള്ള ദൗർലഭ്യം നേരിടുന്ന പ്രദേശങ്ങളിൽ സമ്പൂർണ്ണ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) ഗ്രാമീണ, നഗര മേഖലകളിൽ സമ്പൂർണ്ണ കുടിവെള്ള കണക്ഷൻ എന്നത്തേയ്ക്ക് ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

2024-ഓടുകൂടി ജലജീവൻ മിഷൻ പദ്ധതി വഴി സംസ്ഥാനത്തെ മുഴുവൻ ഗ്രാമീണ കുടുംബങ്ങളിലും കുടിവെള്ള കണക്ഷൻ ലഭ്യമാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. ജലജീവൻ മിഷൻ (അർബൻ)/അമൃത് 2.0 പദ്ധതിയിലൂടെ സംസ്ഥാനത്തെ 93 നഗരങ്ങളിൽ 2026-ഓടുകൂടി സമ്പൂർണ്ണ കുടിവെള്ള കണക്ഷൻ നൽകാനാണ് ലക്ഷ്യമിടുന്നത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.